മിസ്റ്റർ: സി. എ. ഔസേപ്പ്: അങ്ങിനെയായിരിക്കും.

മിസ്റ്റർ പി. കെ. ഡീവർ: ഈ അദ്ധ്യാപകന്മാർക്ക് ആരാണ് ശമ്പളം കൊടുക്കുന്നത്?

മിസ്റ്റർ സി. എ. ഔസേപ്പ്: അവർതന്നെ. ഗവൺമെണ്ട് Aid കൊടുക്കുന്നുണ്ട്, ആ സംഖ്യ അവർ കൊടുക്കും.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ഗവൺമെണ്ട് കൊടുക്കുന്ന Aid അല്ലാതെ വേറെ ധനാഗമമാർഗ്ഗമൊന്നും അവർക്കില്ലല്ലൊ.

മിസ്റ്റർ സി. എ. ഔസേപ്പ്: ഉണ്ടോ ഇല്ലയോ എന്നു പറയുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ഗവൺമെണ്ടുതന്നെ ഈ കാര്യത്തിൽ കളവുചെയ്യുവാൻ സഹായിക്കുകയല്ലെ ചെയ്യുന്നത്?

മിസ്റ്റർ സി. എ. ഔസേപ്പ്: ഗവൺമെണ്ട് കളവിനു് സഹായിക്കുന്നുവെന്നു് പറഞ്ഞതു് സങ്കടമാണു്.

**Mr. President:** The Hon'ble member is not justified in using that expression.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: "കളവു്" എന്ന വാക്കു് ഞാൻ പിൻവലിക്കുന്നു. Staff managment School ലെ അദ്ധ്യാപകന്മാർ ഗവൺമെണ്ടിലേക്കു് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ വാടക, സ്റ്റാമ്പു് മുതലായവയ്ക്കുള്ള ചിലവുകളും ഈ ഗ്രാൻറിൽ നിന്നാണു് ചിലവു ചെയ്യുന്നതെന്നും മ ഠ രൂപാക്കു് ഒരു് ഇട്ടുകൊടുത്താൽ മ ഠ-ൽ ചിലപ്പോൾ രൂപയാണു് കിട്ടുന്നതെന്നും പറഞ്ഞിട്ടില്ലെ? അപ്പോൾ എന്തു രക്ഷയാണു് അവർക്കിതുകൊണ്ടു കിട്ടുന്നത്?

മിസ്റ്റർ സി. എ. ഔസേപ്പ്: അവർതന്നെ അവക്കു് രക്ഷയുണ്ടാക്കണം.

## DEVELOPMENT OF FISHERIES DEPARTMENT—PROPOSAL REGARDING

**95.** (286) **Mr. K. A. Achuthan** *(Nominated):* Will Government be pleased to state.—

(*a*) whether there is a proposal for the Development of the Fisheries Department;

(*b*) if so, is it quite in accordance with the lines taken up by the Indian Government?

**Mr. E. Ikkanda Warriar** *(Prime Minister):*

(*a*) There is no proposal for the Development of the Fishery Department.

(*b*) The question does not arise.

മിസ്റ്റർ കെ. എ. അച്യുതൻ: Fisheries ന്റെ development നുവേണ്ടി എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

**Mr. E.Ikkanda Warriar** (*Prime Minister*): There are many proposals for the development of fisheries and the Government have provided amounts also in the budget itself.

മിസ്റ്റർ എം. ഐ. പോൾ: ഏതെല്ലാം developments ആണു് ഗവൺമെണ്ടു് ഉദ്ദേശിക്കുന്നതെന്നു് പറയാമൊ?

**Mr. E. Ikkanda Warriar** (*PrimeMinister*): I shall be able to explain it tomorrow when I move for the demand. Extension of fish ponds, deep sea fishing and fish farming are some of the items. These are the different items under which mounts have been provided.

മിസ്റ്റർ എം. ഐ. പോൾ: Deep sea fishing ഇക്കൊല്ലംതന്നെ ഉണ്ടാകുമോ?

**Mr. E. Ikkanda Warriar** (*Prime Minister*): There is a provision and it is proposed to work out a new scheme.

ഡാക്ടർ (മിസിസ്സു്) ടി. ഫ്രാൻസിസ്സു്: Deep sea fishing ഉടനെ നടത്തുമെന്നാണൊ പറയുന്നതു്.

**Mr. E. Ikkanda Warriar** (*Prime Minister*): In the budget we have provided Rs. 10,000 for that.

ഡാക്ടർ (മിസിസ്സു്) ടി. ഫ്രാൻസിസ്സു്: ഈ സംഖ്യ lapse ചെയ്യാതിരിക്കുവാൻ നോക്കുമോ?

**Mr. E. Ikkanda Warriar** (*Prime Minister*): We will do our best to see that the amount does not lapse.

## STIPEND TO Mr. M. CHERIYATH—DELAY IN PAYMENT

**96.** (278) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ:—

(എ) കൽക്കട്ടാ കാർമൈക്കൽ മെഡിക്കൽ കോളേജിൽ പഠിക്കുന്ന അധഃകൃത വിദ്യാർത്ഥി മിസ്റ്റർ എം. ചെറിയതിനു് അനുവദിച്ചിരുന്ന സ്റ്റൈപ്പെൻഡു് ഓരോ മാസത്തേ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Kannan]

ക്കള്ളതു് ഫ ഫ ഒ ന വിദ്യാഭ്യാസ വഷ്ാരംഭംമുതൽ ഏതേതു തിയ്യതികളിലാണു് കൊടുത്തിട്ടുള്ളതു്;

(ബി) ഏതെങ്കിലും മാസത്തേക്കുള്ളതു് കൊടുക്കുവാൻ താമസിച്ചിട്ടുണ്ടെങ്കി എന്താണതിനു കാരണം ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

| | സംഖ്യ | അയച്ച തിയ്യതി | സ്റ്റൈഫെൻറ് അർഹതയുള്ള കാലം |
|---|---|---|---|
| ഫ. (എ) | വ ൦ക. | ഫ ൭—ന—ഫൻ ർ വ. | ഒ ന—ന—ഫൻർവ മുതൽ |
| (എ) | | | ഒ ർ— ൭— ഫൻ ർ വ വരെ |
| (ബി) | ഒ ൪ ൦ക. (പുസ്തകങ്ങളും വസ്തുവും വാങ്ങിക്കുന്നതിനു്). | | |
| (സി) | ഫ ഒ വ— ഫ ഒ— ൦ (ഫീസ്സിനു്) | | |
| (ഡി) | ന ർ — ഫ ൦— ൦ (യാത്രച്ചിലവിനു്) | | |
| ഒ. | വ ൦ക. | ന ഫ— ൭— ഫൻ ർ വ. | ഒ ൪— ൭— ഫ വ ർ വ മുതൽ |
| | | | ഒ ൪— വ— ഫൻ ർ വ വരെ. |
| ന. | വ ൦ക. | ഫൻ— വ— ഫൻ ർ വ. | ഒ ന— വ— ഫൻ ർ വ മുതൽ |
| | | | ഒ ൪— ൻ— ഫൻ ർ വ വരെ. |
| ർ. | ൈൻക. | ഒ ന— ൻ— ഫൻ ർ വ. | ഒ ന— ൻ— ഫൻ ർ വ മുതൽ |
| | | | ഒ ൪— ഫ ൦— ഫൻ ർ വ വരെ. |
| ൪. | വ ൦ക. | ഒ— ഫ ൦— ഫ്ൻ ർ വ. | ഒ ന— ഫ ൦— ഫൻ ർ വ മുതൽ |
| | | | ഒ ർ— ഫ ഫ— ഫൻ ർ വ വരെ. |
| ന. | ൪൭—വ—൦. ൻ— ഫ ഫ— ഫൻ ർ വ. | | ഒ ൪— ഫ ഫ— ഫൻ ർ വ മുതൽ |
| | | | ർ — ഫ ഒ— ഫൻ ർ വ വരെ. |

(ബി) താമസം വന്നിട്ടില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: ചിങ്ങം, കന്നി, തുലാം ഈ മാസങ്ങളിൽ stipend സമയത്തു കിട്ടിയിട്ടില്ലെന്ന വല്ല ആക്ഷേപവും കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആക്ഷേപം കിട്ടി. പരിശോധിച്ചതിൽ ആ ആക്ഷേപം ശരിയല്ലെന്നു കണ്ടു.

മിസ്റ്റർ സി. സി. പ്രസാദ്: ഇതിൽ എഴുതിയിരിക്കുന്ന മറുപടി Protector എഴുതി അയച്ചതാണൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവണ്മെണ്ടു് അധികൃതമായി പറയുന്ന മറുപടിയാണിതു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ ഓരോ മാസത്തിലും stipend കൊടുത്തതായി കാണുന്നുണ്ടു്. എന്നാൽ ഈ ആക്ഷേപം എങ്ങിനെയുണ്ടായി?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒന്നുകിൽ മനപൂർവ്വം; അല്ലെങ്കിൽ തെറ്റിദ്ധാരണകൊണ്ടായിരിക്കും.

മിസ്റ്റർ പി. കെ. ഡിവർ: Stipend ഏതു കാലം മുതാല്ക്കാണു് കൊടുത്തു തുടങ്ങിയതു്. ഒ ന—ന—ർ വ മുതൽ ആണോ?

മിസ്റ്റർ പി. ഗോവിന്ദമോനോൻ: ഇതിൽ കാണുന്നതു് അങ്ങിനെയാണു്. പക്ഷെ അതിനു മുമ്പിലത്തെ ഒന്നും ബാക്കിയില്ല.

മിസ്റ്റർ സി. വി. ഇയ്യു: ചില മാസങ്ങളിൽ വ ൦, ചിലമാസങ്ങളിൽ ൈൻ, ചില മാസങ്ങളിൽ ൪ ൭—വ— ൦ ഇങ്ങനെയുള്ള വ്യത്യാസത്തിനു കാരണമെന്താണെന്നു പറയാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആദ്യം വ ൦ ക. കൊടുത്തതു് പുസ്തകത്തിനാണു്. പിന്നത്തെ വ ൦ ക. stipend ആണു്. ൈൻ ക. എന്നു് കാണുന്നതു് മണിയോർഡർ അയച്ചതിനു് കമ്മീഷൻ എടുത്തതാണു്.

മിസ്റ്റർ സി. വി. ഇയ്യു: ൪ ൭—വ— ൦ കാണുന്നതു് മണിയാഡർ ചെയ്യാതെ നേരിട്ടു കൊടുത്തതായിരിക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മണിയാർഡർ ചെയ്യാതെ കൊടുത്തതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കൊച്ചുകുട്ടൻ. കുട്ടിക്കു് നേരിട്ടു് അയക്കുകയോ, അതോ കോളേജു് അധികൃതന്മാർ വഴി അയച്ചുകൊടുക്കുകയോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നേരിട്ടു് അയക്കുകയാണെന്നാണു് എന്റെ ഓർമ്മ.

**RESIDENTS EVICTED FROM HOUSES SITUATED ON THE VYPEEN-PALLIPURAM ROAD AT AZHIKKAL**

**97. (72) Mr. M. I. Paul** *(Elamkunnapuzha):* Will Government be pleased to state.—

How many houses have been removed by the construction of the Vypeen-Pallipuram Road at Azhikkal and what all measures have been taken to provide sites for those people evicted thereby ?

**Mr. K. Ayyappan** *(Minister for Works and Revenue):*

97 houses. Action is in progress for the provision of house sites to those rendered homeless by acquisition in the sandy accretions of Elankunnapuzha village.

മിസ്റ്റർ എം. ഐ. പോൾ: പുറമ്പോക്കു സ്ഥലം ഉള്ളതു കൊടുക്കുവാനാണോ ഉദ്ദേശിക്കുന്നതു്?

മിസ്റ്റർ കെ. അയ്യപ്പൻ: അവിടെയല്ലാതെ സൌകര്യമില്ല.

മിസ്റ്റർ എം. ഐ. പോൾ: ൯൭ കുട്ടികൾക്കും താമസിക്കത്തക്ക സൌകര്യം അവിടെ ഉണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: എളങ്കുന്നപ്പുഴയിൽ അവർക്കു് പോകുവാൻ സൌകര്യമുണ്ടാകുമോ എന്നറിഞ്ഞുകൂടാ. വേറെ എന്തെങ്കിലും ചെയ്യണമെന്നുണ്ടെങ്കിൽ ഗവണ്മെണ്ടിനു് ബുദ്ധിമുട്ടുണ്ടു് എന്നുള്ളകാര്യം ബഹുമാനപ്പെട്ടസഭയെഅറിയിക്കാതിരിക്കുവാൻ നിവൃത്തിയില്ല.

മിസ്റ്റർ പി.കെ. ഡീവർ: സൌകര്യമുള്ള സ്ഥലങ്ങൾ acquire ചെയ്തു കൊടുക്കുകയോ അല്ലെങ്കിൽ നികത്തിയെടുക്കാൻ സൌകര്യമുള്ള സ്ഥലം എടുത്തു കൊടുക്കുകയോ ചെയ്യാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: Acquire ചെയ്യുന്നതു് അത്ര എളുപ്പമുള്ള കാര്യമല്ല. സ്ഥലം പേക്കാണെങ്കിൽ അതു് സാധിക്കും. വളരെ ആളുകൾ ഉള്ളതുകൊണ്ടു് acquire ചെയ്യുകയാണെങ്കിൽ വലിയ സംഖ്യ വേണ്ടിവരും. ഇപ്പോൾതന്നെ വാലാ കോളനിക്കുവേണ്ടി ഒരു വലിയ സംഖ്യ അതായിട്ടുണ്ടു്. ഇതൊക്കെ സാവകാശം ചെയ്യുവാനെ സാധിക്കുകയുള്ളൂ.

മിസ്റ്റർ പി. കെ. ഡീവർ: അതിലേക്കു് കുറെ പണം invest ചെയ്താൽ മടക്കി കിട്ടുന്നതല്ലെ?

മിസ്റ്റർ കെ. അയ്യപ്പൻ: Invest ചെയ്യുന്നതിനു തല്ക്കാലം സംഖ്യ വേണ്ടേ?

മിസ്റ്റർ പി. കെ. ഡീവർ: ഒരു investment എന്ന നിലയിൽ ഇതു കൊടുക്കുവാൻ പാടില്ലെ? ഗവണ്മെണ്ടിനു് invest ചെയ്യുന്ന പണത്തിനു് ആദായവും കിട്ടുമല്ലൊ.

മിസ്റ്റർ കെ. അയ്യപ്പൻ: വളരെ നല്ല പദ്ധതികൾ ആണെങ്കിലും അതിൽ പണം invest ചെയ്യുവാനുള്ള ബുദ്ധിമുട്ടാണു് ഗവണ്മെണ്ടിനുള്ളതു്.

മിസ്റ്റർ എം. ഐ. പോൾ: തൽക്കാലം കുറെ സ്ഥലമെങ്കിലും എടുക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: സ്ഥലം acquire ചെയ്യുന്നതിനു് പണം ധാരാളം വേണം. ഗവണ്മെണ്ടിനു് ബുദ്ധിമുട്ടില്ലാത്ത ഒരു പദ്ധതി ആലോചനയിൽ ഇരിക്കുന്നുണ്ടു്. വരുന്ന നിയമസഭയിൽതന്നെ ഇതിനൊരു നിയമനിർമ്മാണം ഉണ്ടാക്കാൻ നോക്കാം. അതു വരുമ്പോൾ ഇവർക്കും ജന്മികൾക്കും ഉപദ്രവം വരാത്തമാതിരി ഇതിനൊക്കെ ഒരു പരിഹാരം ഉണ്ടാക്കാൻ സാധിക്കും.

**DISEASE IN COCOANUT TREES—STEPS TAKEN**

**99. (173) Mr. P. K. Krishnankutty Menon** *(Vellarapilli):* Will Government be pleased to state.—

(*a*) whether they are aware of the prevalence on a large scale of disease affecting the cocoanut trees in the Cochin-Kanayannur Taluk ;

(*b*) whether any steps have been taken by our Government to prevent such diseases in this State, and if so, what are they ?

**Mr. E. Ikkanda Warriar** *(Prime Minister) :*

(*a*) Yes.

(*b*) Yes. Manuring and application of lime to the soil and spraying the crowns of trees with Bordeaux mixture are the measures advocated by the Department in controlling the

LIBRARY ARCHIVES Kerala Legislative Assembly